# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3504 | 14/03/2017 ൽ മറുപടിക്ക് |
|---|---|

## വ്യാജ നിയമനത്തട്ടിപ്പ് കേസിൽ കുറ്റപത്രം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി. ഉബൈദുള്ള | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് വ്യാജ നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ കേസ് ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | ഇല്ല. 2010 മാർച്ച് മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ വയനാട് ജില്ലയിലെ വ്യാജ നിയമനവുമായി ബന്ധപ്പെട്ട് വയനാട് കളക്ടറേറ്റിലെ ജീവനകാര്യം കൈകാര്യം ചെയ്യുന്ന സെക്ഷനിലെ മുൻ യു.ഡി. ക്ലാർക്ക് ശ്രീ.അഭിലാഷ് എസ്. പിള്ള ഉടങ്ങി 22 പേർക്കെതിരെ വി.സി.03/2012/എസ്.ഐ.യു.II നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. |
| (ബി) | എത്ര പേർക്കാണ് ഇത്തരത്തിൽ നിയമനം നൽകിയത്; അവരുടെ പേരുവിവരങ്ങളും നിയമന ഉത്തരവ് നൽകിയ നടപടിക്രമങ്ങളുടെ പകർപ്പുകളും നൽകിയ ശമ്പള ആനുകൂല്യങ്ങളും വെളിപ്പെടുത്തുമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | കുറ്റപത്രത്തിൽ ഉൾപ്പെട്ടവരാരെല്ലാം; ഇതിൽപ്പെട്ട ആർക്കെങ്കിലും സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുമോ; | (സി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | വ്യാജനിയമന തട്ടിപ്പ് കേസിൽ നടന്ന ഗൂഢാലോചന പുറത്തുകൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കേസ് അന്വേഷണഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ